**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3434** **26-06-2024 - ൽ മറുപടിയ്ക്ക്**

**തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അധീനതയിലുള്ള ഭൂമി ഡീ വെസ്റ്റ് ചെയ്യുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | പട്ടയ അസംബ്ലിയുമായി ബന്ധപ്പെട്ട് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അധീനതയിലുള്ള ഭൂമി ഡീവെസ്റ്റ് ചെയ്യുന്ന നടപടികളുടെ പുരോഗതി അറിയിക്കാമോ; | (എ) | റവന്യൂ രേഖകളിൽ വിവിധ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പേരിൽ കിടക്കുന്നതും, നിർദ്ധനരായ കുടുംബങ്ങൾ വളരെ കാലമായി പ്രസ്തുത ഭൂമിയിൽ താമസിച്ചു വരുന്നതുമായ സന്ദർഭങ്ങളിൽ, ഇത്തരം ഭൂമികളുടെ പരിധിയിൽപ്പെടുന്ന തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ നിന്നും പ്രസ്തുത ഭൂമി റവന്യൂ വകുപ്പിലേയ്ക്ക് കൈമാറേണ്ടതുണ്ട്. പഞ്ചായത്തുകളുടെ ഉടമസ്ഥതയിലുള്ള ഭൂമിയാണെങ്കിൽ സർക്കാർ അനുവാദത്തോടെ റവന്യൂ വകുപ്പിലേക്ക് ഉടമസ്ഥത വിട്ടൊഴിഞ്ഞ് നൽകേണ്ടതും, പഞ്ചായത്ത് രാജ് / മുൻസിപ്പാലിറ്റി ആക്ട് പ്രകാരം നിക്ഷിപ്തമാക്കിയ ഭൂമിയാണെങ്കിൽ ആയത് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങലുടെ അനുമതിയോടെ തദ്ദേശ സ്വയം ഭരണ വകുപ്പ് പുനർനിക്ഷിപ്തമാക്കുകയും വേണം.<br><br>സംസ്ഥാനത്തു എല്ലാ ജില്ലകളിലും ഇത്തരത്തിൽ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ ഭൂമിയിലുള്ള സ്ഥലങ്ങളിൽ ധാരാളം കുടുംബങ്ങൾക്ക് പട്ടയം അനുവദിക്കുന്നതിന് തടസ്സം നേരിടുന്നുണ്ട്. അതിനാൽ ഈ വിഷയം പട്ടയം മിഷനിൽ ഉൾപ്പെടുത്തി ഇത്തരത്തിലുള്ള പ്രദേശങ്ങളുടെ വിവരങ്ങൾ ശേഖരിക്കുന്നതിനുള്ള നടപടികൾ നടന്നു വരുന്നുണ്ട്. കൂടാതെ ബന്ധപ്പെട്ട മന്ത്രിമാരുടെ നേതൃത്വത്തിൽ യോഗം ചേർന്ന് ഇത്തരത്തിലുള്ള ഭൂമി റവന്യൂ വകുപ്പിലേക്ക് പുനർ നിക്ഷിപ്തമാക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | ഈ സർക്കാരിന്റെ കാലത്ത് പട്ടയം ലഭിക്കുന്നതിനായി പുതുതായി ലഭിച്ച അപേക്ഷകളിന്മേലുള്ള തുടർ നടപടികളുടെ വിശദാംശം ലഭ്യമാക്കാമോ? | (ബി) | സംസ്ഥാനത്തെ പട്ടയ വിതരണം ത്വരിതപ്പെടുത്തുന്നതിനായി റവന്യൂ വകുപ്പ് ഏറ്റവും പ്രാധാന്യത്തോടെ നടപ്പാക്കുന്ന കർമ്മ പദ്ധതിയാണ് പട്ടയം മിഷൻ. മലയോരമേഖലയിലുള്ളവർ, പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ടവർ, വിവിധ നഗറുകളിൽ |

| | | | |
|---|---|---|---|
| | | | താമസിക്കുന്നവർ എന്നിവർക്ക് അടിയന്തര പ്രാധാന്യത്തോടെ പട്ടയം നൽകാനായി പട്ടയ മിഷൻ രൂപീകരിച്ചിട്ടുണ്ട്. പട്ടയ വിതരണം ഊർജ്ജിതമാക്കുന്നതിനും സമയബന്ധിതമായി നടത്തുന്നതിനും വേണ്ടിയുള്ള പ്രവർത്തനം ഏകോപിപ്പിക്കാനും നിരീക്ഷിക്കാനും, ആവശ്യമായ നിർദ്ദേശങ്ങൾ തത്സമയം നല്കാനുമാണ് പട്ടയ മിഷൻ ലക്ഷ്യം വയ്ക്കുന്നത്.<br><br>ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം നാളിതുവരെയായി 153103 പട്ടയങ്ങൾ വിതരണം ചെയ്തിട്ടുണ്ട്.<br><br>കൂടാതെ സർക്കാർ ഭൂമിയിൽ വർഷങ്ങളായി വീടുവച്ചു താമസിച്ചും കൃഷി ചെയ്തും വരുന്ന ഭൂരഹിതരായവർക്കു നിയമപ്രകാരം പട്ടയം നൽകുന്നതിനു തടസങ്ങളുള്ള കൈവശങ്ങളുടെ വിശദാംശങ്ങൾ സംസ്ഥാന തലത്തിൽ ക്രോഡീകരിക്കുന്നതിനുള്ള ഓൺലൈൻ പോർട്ടലും (പട്ടയം ഡാഷ് ബോർഡ്)പ്രവർത്തിച്ചു വരുന്നു. ടി പോർട്ടിൽ ലഭ്യമാക്കിയിട്ടുള്ള പട്ടയ പ്രശ്നങ്ങൾ സംസ്ഥാനതലത്തിൽ പരിശോധിച്ച ശേഷം പരിഹരിക്കാവുന്നവയ്ക്ക് വ്യക്തമായ മാർഗ്ഗ നിർദ്ദേശങ്ങൾ ജില്ലാ കളക്ടർമാർക്കു ലാന്റ് റവന്യൂ കമ്മീഷണർ നൽകുകയും സർക്കാർ ഉത്തരവുകൾ അല്ലെങ്കിൽ ചട്ട ഭേദഗതികളിലൂടെയോ പരിഹരിക്കേണ്ടവ സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തി അവയ്ക്കു പരിഹാരം കാണുന്നതിനുള്ള നടപടിയും ഇതിന്റെ ഭാഗമായി കൈക്കൊണ്ടു വരുന്നതുമാണ്. |

സെക്ഷൻ ഓഫീസർ